പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2811 07.12.2018 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ഫോറസ്റ്റ് റോഡുകൾ

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് വകുപ്പ് 1980ന് മുൻപ് തന്നെ ഉപയോഗിച്ച് വരുന്ന ഫോറസ്റ്റ് റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് വകുപ്പ് 1980നു മുമ്പ് തന്നെ ഉപയോഗിച്ചു വരുന്ന ഫോറസ്റ്റ് റോഡുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1. ബന്തടുക്ക-പാണ്ടി-അഡൂർ (ടാർ ചെയ്തത്)<br>2. കാറഡുക്ക-ഇരിയണ്ണി (ടാർ ചെയ്തത്)<br>3. പരപ്പ-പഞ്ചിക്കൽ-ദേലമ്പാടി (ടാർ ചെയ്തത്)<br>4. മഞ്ചക്കൽ -ബേപ്പ (ടാർ ചെയ്തത്)<br>5. കാനത്തൂർ നെയ്യങ്കയം (ടാർ ചെയ്തത്)<br>6. അഡൂർ-ചാമക്കൊച്ചി (1906 റിസർവ്വ് നോട്ടിഫിക്കേഷനിൽ Right of Way അനുവദിച്ചിട്ടുണ്ട്)<br>7. ഇരിയണ്ണി-ബാവിക്കര (ടാർ ചെയ്തത്)<br>8. കമ്പല്ലൂർ-ബേഡൂർ റോഡ് (ടാർ ചെയ്തത്)<br>9. പ്ലാച്ചിക്കര-ഭീമനടി (ടാർ ചെയ്തത്)<br>10. കാറ്റാം കവല-ചിറ്റാരിക്കൽ റോഡ് (കാറ്റാംകവല-പറമ്പത്തട്ട്) (ടാർ ചെയ്തത്)<br>11. ജാതിമൂപ്പ് – അതിരുമാവ് റോഡ് (അതിരുമാവ്-നെല്ലിത്തട്ട്)(ടാർ ചെയ്തത്)<br>12. പാണത്തൂർ-കല്ലപ്പള്ളി റോഡ് (ടാർ ചെയ്തത്)<br>13. പാന്തിക്കാൽ-റാണിപുരം റോഡ് (ടാർ ചെയ്തത്)<br>14. മരുതോം-ചുള്ളിത്തട്ട് (ടാർ ചെയ്തത്)<br>15. അട്ടൂർ-തലപ്പച്ചേരി (ടാർ ചെയ്തത്) |

| | | | |
|---|---|---|---|
| (ബി) | 1980ന് മുൻപ് ഉണ്ടായിരുന്ന ഫോറസ്റ്റ് കച്ചാ റോഡ് പക്കാറോഡാക്കി പ്രദേശവാസികളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ത്രിതലപഞ്ചായത്ത്, എം.എൽ.എ./എം.പി. ഫണ്ട്, മറ്റ് സർക്കാർ ഏജൻസികൾ മുഖേന ഫണ്ട് നീക്കിവെച്ചാൽ, 1980ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് പ്രകാരം പ്രവൃത്തി ചെയ്യാനുള്ള അനുമതി നൽകേണ്ടത് ആരാണ്, വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ ആക്റ്റ് പ്രകാരം ഇത്തരം പ്രവൃത്തി ചെയ്യുന്നതിന് ഒരു ഹെക്ടർ വരെയുള്ള വനഭൂമി വിട്ടുനൽകുന്നത് സംസ്ഥാന ഗവണ്മെന്റും, ഒരു ഹെക്ടറിൽ കൂടുതലുള്ള കേസുകളിൽ കേന്ദ്ര സർക്കാരുമാണ് അനുമതി നൽകുന്നത്. എന്നാൽ, സംരക്ഷിത വനമേഖലയ്ക്ക് പുറമെ 1980നു മുമ്പ് ഉപയോഗത്തിലുള്ളതായ റോഡുകൾ നിലവിലെ അളവുകളിൽ പക്കാറോഡ് ഉണ്ടാക്കുന്നതിന് സ്റ്റേറ്റ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ